**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1956** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ റിസർവേഷൻ ക്യാൻസൽ ചെയ്യുന്നവർക്ക് തുക തിരികെ ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഓൺലൈൻ റിസർവേഷൻ വഴി ടിക്കറ്റ് ബുക്ക് ചെയ്യുന്ന യാത്രക്കാർ പ്രസ്തുത റിസർവേഷൻ ക്യാൻസൽ ചെയ്യുന്ന പക്ഷം ടിക്കറ്റ് നിരക്കിന്റെ എത്ര ശതമാനം തുകയാണ് തിരികെ നൽകുന്നത്; പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ഓൺലൈൻ റിസർവേഷൻ വഴി ടിക്കറ്റ് ബുക്ക് ചെയ്യുന്ന യാത്രക്കാർ റിസർവേഷൻ ക്യാൻസൽ ചെയ്യുന്ന പക്ഷം ലഭിക്കുന്ന ടിക്കറ്റ് നിരക്ക് ചുവടെ ചേർക്കുന്നു. |

| Cancellation Fee | Duration |
|---|---|
| No Cancellation Fee | Before 72 Hrs |
| Fee at 10% of the basic fare | Between 72 hours and 48 hours before the departure time. |
| Fee at 25% of the basic fare | Between 48 hours and 24 hours before the departure time. |
| Fee at 40% of the basic fare | Between 24 hours and 12 hour before the departure time. |
| Fee at 50% of the basic fare | Between 12 hours and 2 hours before the departure time. |
| No refund | Less than two hours before the departure time and at/after the departure time. |

ഓൺലൈൻ റിസർവേഷൻ വഴി ടിക്കറ്റ് ബുക്ക് ചെയ്ത യാത്രക്കാർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഇതിനായി PNR number ഉപയോഗിച്ച് സൈറ്റിൽ "CANCEL TICKETS" എന്ന ഓപ്ഷൻ വഴി ക്യാൻസൽ ചെയ്യാവുന്നതാണ്. കെ.എസ്.ആർ.ടി.സി.യുടെ കൗണ്ടറുകളിൽ നിന്നും ബുക്ക് ചെയ്ത ടിക്കറ്റുകൾ പ്രസ്തുത കൗണ്ടറിൽ നൽകി

| | | | |
|---|---|---|---|
| | | | ക്യാൻസൽ ചെയ്യാൻ സാധിക്കുന്നതാണ്. ടിക്കറ്റുകൾ ക്യാൻസൽ ചെയ്തു കഴിഞ്ഞാൽ 7 ബാങ്കിംഗ് ദിവസങ്ങൾക്കകം പ്രസ്തുത തുക യാത്രക്കാരന്റെ അക്കൗണ്ടിൽ ലഭ്യമാകുന്നതാണ്. |
| (ബി) | ഇപ്രകാരം ടിക്കറ്റുകൾ ക്യാൻസൽ ചെയ്യുന്ന സന്ദർഭത്തിൽ യാത്രക്കാർക്ക് തുക തിരികെ ലഭിക്കുന്നതിനുള്ള കാലപരിധി എത്രയാണ്; യാത്രക്കാർക്ക് തുക തിരികെ ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) | 24 മണിക്കൂർ മുതൽ പരമാവധി ഏഴു ദിവസം വരെ. പെയ്മെന്റ് ഗേറ്റ് വേ-യിലൂടെ യാത്രക്കാർക്ക് റീഫണ്ട് ഇനിഷ്യേറ്റ് ചെയ്ത വിവരങ്ങൾ ലഭ്യമാകുന്നതാണ് (ARN NO:, REF NO:). ടി നമ്പറുകൾ ഉപയോഗിച്ച് യാത്രക്കാരന് ബാങ്ക് അക്കൗണ്ടിൽ തുക ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) | ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ യാത്രക്കാർക്ക് തുക തിരികെ ലഭിക്കുന്നില്ലായെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; | (സി) | നടപ്പു സാമ്പത്തിക വർഷം നാളിതുവരെ 585 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പരാതികളിൻമേൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; എത്രപേർക്ക് പരാതിയുടെ അടിസ്ഥാനത്തിൽ തുക ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; ഇക്കാര്യത്തിൽ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയതു പരിശോധിച്ച് അന്നുതന്നെ അർഹതയുള്ളവർക്ക് തുക റീഫണ്ട് ചെയ്തു നൽകുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ യാത്രക്കാർ സ്വമേധയാ ക്യാൻസൽ ചെയ്ത് ടിക്കറ്റുകൾ ഉൾപ്പെടെ 3,45,454 യാത്രക്കാർക്കായി 13,76,74,018/- രൂപ റീഫണ്ട് ചെയ്ത് നൽകിയിട്ടുണ്ട്. ഭാവിയിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ എല്ലാ കരുതൽ നടപടികളും കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ